12387
25.9.14

കേരള സർക്കാർ

**സംഗ്രഹം**

ആരോഗ്യകുടുംബക്ഷേമ വകുപ്പ് - ഡ്രഗ്സ് കൺട്രോൾ വകുപ്പ് - ജീവനക്കാര്യം - തിരുവനന്തപുരം ചീഫ് ടൗൺ പ്ലാനിംഗ് ഓഫീസറുടെ കാര്യാലയത്തിൽ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറായി നിയമനം ലഭിച്ച ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് ശ്രീ.പി.എ. സിദ്ദിഖിനെ പ്രസ്തുത തസ്തികയിൽ നിന്നും വിടുതൽ ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം. 3173/2014/ആകുവ  തിരുവനന്തപുരം, തീയതി, 25/09/2014.

---

പരാമർശം :-1) സ.ഉ. (സാധാ) നം. 1991/2012/ആകുവ. തീയതി 16/06/2012.
2) സ.ഉ. (എം.എസ്) 244/2014/ജി.എ.ഡി തീയതി 10/09/2014.
3) 16/09/2014 തീയതിയിൽ ശ്രീ.പി.എ. സിദ്ദിഖ്, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്, ഡ്രഗ്സ് കൺട്രോളറുടെ കാര്യാലയം, തിരുവനന്തപുരം സമർപ്പിച്ച അപേക്ഷ.
4) 18/09/2014 തീയതിയിലെ ഡ്രഗ്സ് കൺട്രോളറുടെ ഇ 3-11932/2014/ഡി.സി. നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1)-ലെ സർക്കാർ ഉത്തരവ് പ്രകാരം ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ സീനിയർ സൂപ്രണ്ടായിരുന്ന ശ്രീ. പി.എ. സിദ്ദിഖിനെ പ്രസ്തുത വകുപ്പിൽ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റായി സ്ഥാനക്കയറ്റം നൽകി നിയമിക്കുകയുണ്ടായി. പരാമർശം (2)-ലെ ഉത്തരവ് പ്രകാരം ശ്രീ.പി.എ. സിദ്ദിഖിനെ തിരുവനന്തപുരം ചീഫ് ടൗൺ പ്ലാനിംഗ് ഓഫീസറുടെ കാര്യാലയത്തിൽ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ (ഗ്രേഡ് -II) ആയി നിയമിക്കുകയുണ്ടായി. ആയതിനാൽ തന്നെ ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തികയിൽ നിന്നും വിടുതൽ ചെയ്യണമെന്ന് ശ്രീ. പി.എ. സിദ്ദിഖ് പരാമർശം (3) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

2) ശ്രീ.പി.എ. സിദ്ദിഖിന്റെ അപേക്ഷ പരിഗണിച്ച് ടിയാനെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തികയിൽ നിന്നും വിടുതൽ ചെയ്യണമെന്ന് പരാമർശം (4) പ്രകാരം ഡ്രഗ്സ് കൺട്രോളർ ശുപാർശ ചെയ്യുകയുണ്ടായി. ശ്രീ.പി.എ. സിദ്ദിഖിനെതിരെ ഡ്രഗ്സ് കൺട്രോൾ വകുപ്പിൽ അച്ചടക്ക നടപടികളോ, വിജിലൻസ് കേസോ നിലവിലില്ലെന്നും, സർക്കാരിലേക്ക് യാതൊരു വിധ ബാദ്ധ്യതകളും ഇല്ലെന്നും കൂടാതെ ശ്രീ.സിദ്ദിഖിനെ വിടുതൽ ചെയ്യുമ്പോൾ ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ സീനിയർ സൂപ്രണ്ട്മാരിൽ ഏറ്റവും സീനിയറായ ശ്രീ.എൻ.ഗോപകുമാറിന് അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിന്റെ പൂർണ്ണ അധിക ചുമതല നൽകി ഉത്തരവാകണമെന്നും ഡ്രഗ്സ് കൺട്രോളർ അഭ്യർത്ഥിക്കുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം ചീഫ് ടൗൺ പ്ലാനിംഗ് ഓഫീസറുടെ കാര്യാലയത്തിൽ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറായി നിയമനം ലഭിച്ച, ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റായ ശ്രീ.പി.എ. സിദ്ദിഖിനെ പ്രസ്തുത തസ്തികയിൽ

( .. .........2)

നിന്നും വിടുതൽ ചെയ്തുകൊണ്ടും, ശ്രീ.പി.എ. സിദ്ദിഖിനെ വിടുതൽ ചെയ്യുന്ന ഒഴിവിലേക്ക് ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ സീനിയർ സൂപ്രണ്ടുമാരിൽ ഏറ്റവും സീനിയറായ ശ്രീ.എൻ.ഗോപകുമാറിന് അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിന്റെ പൂർണ്ണ അധിക ചുമതല നൽകികൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ഡി.എസ്. ശ്രീകണ്ഠൻ നായർ**
ഡെപ്യൂട്ടി സെക്രട്ടറി

ഡ്രഗ്സ് കൺട്രോളർ, തിരുവനന്തപുരം.
ശ്രീ..പി.എം. സിദ്ദീഖ്,അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് ,
ഡ്രഗ്സ് കൺട്രോളറുടെ കാര്യാലയം, തിരുവനന്തപുരം.
ശ്രീ.എൻ. ഗോപകുമാർ, സീനിയർ സൂപ്രണ്ട്,
ഡ്രഗ്സ് കൺട്രോളറുടെ കാര്യാലയം, തിരുവനന്തപുരം.
} ഡ്രഗ്സ് കൺട്രോളർ മുഖേന

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ &ഇ) തിരുവനന്തപുരം.
ചിഫ് ടൗൺ പ്ലാനിംഗ് ഓഫീസർ, തിരുവനന്തപുരം.
പൊതുഭരണ (സ്പെഷ്യൽ-ബി) വകുപ്പ്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ